**സബ്മിഷൻ**

(1) മൂവാറ്റുപുഴ ആറിന്റെ സംരക്ഷണം

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാനിവിടെ ഉന്നയിക്കുന്നത് മൂവാറ്റുപുഴ ആറുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. ഇന്ന് നമ്മുടെ നദികൾ, ജല സ്രോതസ്സുകൾ, പുഴ എന്നിവയെല്ലാം വളരെയേറെ മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. അത് ഇന്നും ഇന്നലെയും തുടങ്ങിയ ഒരു പ്രതിഭാസമല്ല. കഴിഞ്ഞ ഏതാനും വർഷങ്ങളായി മലിനീകരണ തോത് വിവിധ നദികളിലും പുഴകളിലും ക്രമാതീതമായി വർദ്ധിക്കുന്നുവെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇന്ന് മൂവാറ്റുപുഴ ആറ് എല്ലാ അർത്ഥത്തിലും മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കക്കൂസ് മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, അറവു മാലിന്യങ്ങൾ എന്നിവ നദികളിൽ നിക്ഷേപിക്കുന്നു, കയ്യേറ്റങ്ങൾ നടക്കുന്നു, തീരം ഇടിയുന്നു എന്നിങ്ങനെ മണൽവാരൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ മൂവാറ്റുപുഴ ആറിനെ അപകടകരമായ ഒരു സാഹചര്യത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിവുള്ളതുപോലെ 121 കിലോമീറ്റർ ദൈർഘ്യമുള്ള മൂവാറ്റുപുഴ ആറുമായി ബന്ധപ്പെട്ട് വലുതും ചെറുതുമായ ഏകദേശം ഇരുപതോളം കുടിവെള്ള

പദ്ധതികളുണ്ട്. അതിനേക്കാൾ പതിന്മടങ്ങ് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകളുണ്ട്. എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലകളിലേയ്ക്കും പശ്ചിമ കൊച്ചിയിലേയ്ക്കും ആലപ്പുഴ ജില്ലയിലേയ്ക്കും കുടിവെള്ളം കൊണ്ടുപോകുന്നത് ഈ പ്രദേശത്തുനിന്നാണ്. 360 മില്ല്യൻ ലിറ്റർ ജലം ഒരു ദിവസം ഇവിടെനിന്ന് പമ്പ് ചെയ്യുന്നതായാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ വ്യാപ്തി അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയും. ഇത് സംരക്ഷിക്കപ്പെടേണ്ടതും മാലിന്യ വിമുക്തമാക്കി ഈ പുഴയെ നിലനിർത്താൻ കഴിയുന്ന ഒരു സാഹചര്യം ഒരുക്കേണ്ടതും അത്യാവശ്യമാണ്. എന്റെ മണ്ഡലമായ പിറവവുമായി ബന്ധപ്പെട്ട് നാലുപഞ്ചായത്തുകളിലൂടെ ഈ പുഴ കടന്നുപോകുകയാണ്. ഇവിടെ ധാരാളം നിയമങ്ങൾ നമുക്കുണ്ട്. 1974-ലെ വാട്ടർ ആക്ട് അടക്കം മാലിന്യങ്ങൾ നിയന്ത്രിക്കാനുള്ള നിയമങ്ങൾവരെ നിലവിലുണ്ട്. അതൊക്കെ ഫലപ്രദമായി നടപ്പിലാകുന്നുണ്ടോ; അല്ലെങ്കിൽ അത്തരത്തിലുള്ള നിയമങ്ങൾക്ക് എന്തെങ്കിലും പോരായ്മകളുണ്ടായിട്ടാണോ; എന്തായാലും വിഷയങ്ങൾ കൂടുതൽ ഗുരുതരമായി വരികയാണ്. അതുകൊണ്ട് ഈ പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു അതോറിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അത്തരത്തിൽ അതോറിറ്റി രൂപീകരിച്ചുകഴിഞ്ഞാൽ

ഗവൺമെന്റിന് ഇക്കാര്യങ്ങളിൽ ആധികാരികമായ ഇടപെടൽ നടത്തുവാനും ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും മലിനീകരണം തടയുവാനും തീരം ഇടിയുന്നതടക്കമുള്ള വിഷയങ്ങൾ പരിഹരിക്കാനും കഴിയും. ജനങ്ങളുടെ കൃഷിക്കും കുടിവെള്ളത്തിനുമായുള്ള ഈ പുഴയെ സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മൂവാറ്റുപുഴ ആറിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. നിയമപ്രകാരമല്ലാതെ മലിനജലം പുറംതള്ളുന്ന സ്ഥാപനങ്ങളെക്കുറിച്ച് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവർക്ക് ബോർഡിൽനിന്നും നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ജല-വായു നിയമങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും പഞ്ചായത്തുകൾ അനുമതി നൽകുന്നതിനുമുമ്പായി ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്ത സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ലൈസൻസ് റദ്ദാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നദികൾ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 2013 ലാപ്സായതിനെത്തുടർന്ന് പ്രസ്തുത ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നദീതടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഒരു സംസ്ഥാന നദീതട അതോറിറ്റിയും അതിനുകീഴിൽ വിവിധ നദീതട ബോർഡുകളും രൂപീകരിക്കുവാൻ പ്രസ്തുത ബിൽ വിഭാവന ചെയ്യുന്നു. പ്രസ്തുത അതോറിറ്റി നിലവിൽ വരികയാണെങ്കിൽ നദീ മലിനീകരണം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിക്കും. കേരളത്തിലെ നദികൾക്ക് പ്രത്യേകം പ്രത്യേകം അതോറിറ്റി എന്നതിനെക്കാൾ അനുയോജ്യം കേരളത്തിലെ നദികൾ ചേർന്ന നദീതട അതോറിറ്റി രൂപീകരിക്കുന്നതാണ്. നദികളിലെ നീരൊഴുക്ക്, ജൈവവൈവിദ്ധ്യം എന്നിവ നിലനിർത്താൻ ഉതകുന്ന തരത്തിൽ നദീതട മാസ്റ്റർപ്ലാനുകൾക്ക് രൂപംകൊടുക്കാനും സംയോജിത നദീതട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാനും പ്രസ്തുത അതോറിറ്റിക്ക് കഴിയും. ഇക്കാരണത്താൽ മലിനീകരണത്തിന് പരിഹാരമായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല. സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ വരുന്ന നദീതട ബോർഡുകളുടേയും

രൂപീകരണമായിരിക്കും ഉചിതമെന്നാണ് സർക്കാർ കരുതുന്നത്.

(2) കുടിവെള്ള പ്രശ്നം

ശ്രീ. ഇ. കെ. വിജയൻ : സർ, കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ട് ഏകദേശം പതിനാറ് വർഷമായി. ഇപ്പോൾ അതിന്റെ പ്രവർത്തനം സാമാന്യം വേഗത്തിലാണ് നടക്കുന്നത്. നാദാപുരം മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയാണിത്. കഴിഞ്ഞ വർഷമാണ് കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ കൂടി അതിൽ ഉൾപ്പെടുത്തിയത്. ഇത്തരമൊരു പദ്ധതിയുള്ളതുകൊണ്ടുതന്നെ മറ്റ് കുടിവെള്ള പദ്ധതികൾക്ക് തുടക്കംകുറിക്കാനുള്ള ബുദ്ധിമുട്ടുമുണ്ട്. അതിരൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ സബ്മിഷൻ ഉന്നയിച്ചപ്പോൾ മാർച്ച് 31-നകം ഇത് കമ്മിഷൻ ചെയ്യാൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി തന്നിരുന്നു. എന്നാൽ ഈ പ്രവർത്തനം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഇന്നത്തെ ഈ വരൾച്ചയെ നേരിടുന്ന സാഹചര്യം അനിവാര്യമാണ് എന്നുള്ളതുകൊണ്ട് ആ മേഖലയിലെ ഏകദേശം രണ്ട് ലക്ഷത്തോളം ആളുകൾക്ക് ഉപയോഗപ്പെടുന്ന ഈ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തെ യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ

സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, കുന്നുമ്മലിനും സമീപ വില്ലേജുകൾക്കുംവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി നാദാപുരം മണ്ഡലത്തിലെ ആറു വില്ലേജുകളായ വളയം, വാണിമേൽ, തൂണേരി, നരിപ്പറ്റ, കായക്കൊടി, നാദാപുരം, കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജ് എന്നീ ഏഴ് വില്ലേജുകൾക്കു വേണ്ടിയുള്ളതാണ്. ഈ പദ്ധതിയുടെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഏഴു വില്ലേജുകളിൽ വളയം, വാണിമേൽ, നരിപ്പറ്റ, തൂണേരി, കായക്കൊടി എന്നിവ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലും നാദാപുരം, കുറ്റ്യാടി എന്നീ വില്ലേജുകൾക്ക് നബാർഡ് ധനസഹായത്തിലുള്ള പദ്ധതിയിലും ഉൾപ്പെടുത്തിയാണ് അംഗീകാരം നേടി നടപ്പാക്കിവരുന്നത്. പദ്ധതിയുടെ പ്രധാന ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തി ഒഴിച്ച് മറ്റ് ഘടകങ്ങളുടെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 18 കി.മീറ്റർ ദൈർഘ്യമുള്ള ഗ്രാവിറ്റി മെയിനിൽ ഒരു കി.മീറ്റർ പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർക്ക് കുടിശ്ശിക ബിൽ പാസ്സായി കിട്ടാത്തതിനാൽ നിർത്തിവച്ചിരിക്കുകയായിരുന്ന പ്രവൃത്തി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ഇവിടെ ഗൗരവമായി കാണേണ്ടത്, എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ പ്രതിവർഷം കേന്ദ്ര

ഗവൺമെന്റ് നൽകിയിരുന്ന 200 കോടി രൂപ 50 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുകയാണ്. അതുകൊണ്ട് പല പദ്ധതികളും മുന്നോട്ട് നീങ്ങുന്നതിന് വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടുകൊണ്ടിരിക്കുയാണ്. അതാണ് പ്രതീക്ഷിക്കാതെ കാലതാമസമുണ്ടായത്. പി.ഡബ്ല്യു.ഡി. ഓഫീസിൽ റോഡ് കട്ടിംഗ് പെർമിഷനുവേണ്ടി അടയ്ക്കേണ്ട തുക അടയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതേസമയംതന്നെ റോഡ് കുഴിച്ച് പൈപ്പിടുന്നതിനെതിരെ നാട്ടുകാരുടെ പ്രതിഷേധവും ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഈ പദ്ധതിയുടെ റോ വാട്ടർ പമ്പ് ഹൗസിൽ 01.03.2017-ൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. നിലവിൽ പമ്പ് സെറ്റുകൾ, ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിൻ എന്നിവയുടെ ട്രയൽറൺ ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയശേഷം പദ്ധതി ഭാഗീകമായി പൂർത്തീകരിച്ച് കായക്കൊടി, കുറ്റ്യാടി എന്നീ പഞ്ചായത്തുകളിൽ 2017 മെയ് മാസത്തോടെ ജലവിതരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രാവിറ്റി പൈപ്പ്ലൈൻ പൂർത്തീകരിക്കാനുള്ള ബാക്കി ഭാഗവും ഇന്റർകണക്ഷനുകളുടെ പ്രവൃത്തിയും പൂർത്തീകരിച്ച് ഉടൻതന്നെ പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്ത് നാദാപുരം, നരിപ്പറ്റ, വളയം, വാണിമേൽ, തൂണേരി എന്നീ പഞ്ചായത്തുകളിൽ ജലവിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സാമ്പത്തിക പരിമിതികൾ ഒരു പ്രശ്നമാണ്. എങ്കിൽപ്പോലും വേഗതയിൽ ആ പണികൾ നടത്താൻവേണ്ട മോണിറ്ററിംഗ് നടത്തുന്നതാണ്.

(3) റോഡ് വികസനം

ശ്രീ. ഹൈബി ഈഡൻ : സർ, എറണാകുളം നഗരത്തിന്റെ വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഒരു പദ്ധതിയാണ് തമ്മനം-പുല്ലേപ്പടി റോഡ്. കുറേ നാളുകളായി ചർച്ച ചെയ്യപ്പെടുകയും അതിന്റെ വികസനം തുടങ്ങിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ലാൻഡ് അക്വിസിഷൻ കോസ്റ്റ് വർദ്ധിച്ചുവരുന്നു എന്നുള്ളതാണ് എറണാകുളത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി. ഭൂമിയുടെ വില വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ, പ്രത്യേകിച്ച് കൊച്ചി മെട്രോ റെയിൽ വന്നതിനുശേഷം, വലിയ സംഖ്യ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്കുവേണ്ടി നീക്കിവയ്ക്കേണ്ട ഒരു സാഹചര്യമുണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ റോഡിന്റെ വികസനം അനിശ്ചിതത്വത്തിൽ നിൽക്കുകയാണ്. കുറേ ആളുകൾ ഫ്രീ-സറണ്ടർ ചെയ്ത ഭൂമി കൊച്ചി നഗരസഭയ്ക്കുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 25 കോടി രൂപ നൽകുകയും ട്രാഫിക് പോലീസിന്റെയും മറ്റും നിർദ്ദേശ പ്രകാരം കത്രിക്കടവ് ജംഗ്ഷൻ മുതൽ കാരണക്കോടംവരെ, അതായത് ഇന്റർനാഷൻ സ്റ്റേഡിയത്തിന്റെ പിൻവശത്ത്

ഏറ്റവും ഗതാഗതക്കുരുക്കുള്ള ഒരു റീച്ചിൽ, ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുകയാണ്. ഇനി എട്ടുപേരുടെ ഭൂമി കൂടിമാത്രം ഏറ്റെടുത്താൽ മതി. റോഡിന്റെ വികസനം തുടങ്ങിയിട്ടുണ്ട്. ഇത് ആദ്യഘട്ടമെന്ന നിലയിൽ സർക്കാരും പോലീസും നിർദ്ദേശിച്ചതനുസരിച്ച് ചെയ്തതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഡ്ജറ്റിൽ നൂറുകോടി രൂപ കിഫ്ബിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ഇപ്പോഴുള്ള ഒരു പ്രതിസന്ധി എന്നുപറയുന്നത് 25 കോടി രൂപ ഗവൺമെന്റ് ഡിസ്പോസ് ചെയ്യുമ്പോൾ 11% തുക രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ നൽകണമെന്നുള്ളതാണ്. കൊച്ചി നഗരസഭ അങ്ങയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന ഒരു യോഗത്തിൽ പറഞ്ഞത്, നഗരസഭ ഈ റോഡിന്റെ ഓണർഷിപ്പ് ഗവൺമെന്റിന് വിട്ടുകൊടുക്കണമെന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് തത്വത്തിൽ അംഗീകരിച്ചുവെങ്കിലും അതിന്റെ പ്രോസസ്സൊന്നും നടന്നിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ കൗൺസിൽ ഒരു റെസല്യൂഷൻ എൽ.എസ്.ജി.ഡി. ഡിപ്പാർട്ട്മെന്റിനും പി.ഡബ്ല്യൂ.ഡി-ക്കും നൽകിക്കഴിഞ്ഞിരിക്കുകയാണ്. Under 17 World Cup ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടക്കാൻ പോകുന്ന സാഹചര്യത്തിൽ, ഈ പാരലൽ റോഡ് വളരെയധികം ഗുണം ചെയ്യുമെന്നുള്ളതാണ്

വിദഗ്ധരുടെയെല്ലാം വിലയിരുത്തൽ. അതുകൊണ്ടുതന്നെ പി.ഡബ്ല്യു.ഡി. ഇത് ഏറ്റെടുക്കാനുള്ള പ്രക്രിയ..., രണ്ട് റെസല്യൂഷൻസും എൽ.എസ്.ജി.ഡി.-യിലും പി.ഡബ്ല്യു.ഡി.-യിലുമുണ്ട്. അതുപോലെ പതിനൊന്നു ശതമാനം രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിനുള്ള ഒരപേക്ഷ കൂടി കൗൺസിൽ പാസ്സാക്കി മന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. നൽകിയാലേ കൂടുതൽ കാര്യക്ഷമമായി ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. മെട്രോ റെയിൽ പൂർത്തിയാകുമ്പോഴേയ്ക്കും മറ്റൊരു പാരലൽ റോഡായി എം.ജി.റോഡ് മുതൽ സ്റ്റേഡിയം വരെയും തമ്മനം വരെയും തുടർന്ന് ഹൈവെ വരേയും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് കിഫ്ബിയിൽ അനുവദിച്ച നൂറുകോടി രൂപകൂടി ഈ റോഡ് വികസനത്തിനുവേണ്ടി വേഗത്തിൽ ഏറ്റെടുക്കണം. Under 17 World Cup നടക്കുന്ന സാഹചര്യത്തിൽ, പി.ഡബ്ല്യു.ഡി. എത്രയും വേഗത്തിൽ ഇതിന്റെ വികസനം, ആദ്യഘട്ടമെങ്കിലും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മുമ്പും ഈ സഭയിൽ ഈ റോഡിന്റെ പ്രശ്നം അങ്ങ് ഉന്നയിച്ചിട്ടുണ്ട്. അത് വീണ്ടും ഉന്നയിച്ചിരിക്കുകയാണ്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. പക്ഷേ,

ഇത് ഇപ്പോഴും ഗവൺമെന്റിന്റെ റോഡായി മാറിയിട്ടില്ല. തമ്മനം-പുല്ലേപ്പടി റോഡ് 2015 ജൂൺ 10-നാണ് District Flagship Infrastructural Project-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ഗവൺമെന്റ് റോഡായി മാറ്റാതെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയത്. അതുകൊണ്ട് ആ പദ്ധതി നടപ്പിലാക്കിയില്ല. ഇത് പൊതുമരാമത്ത് വകുപ്പിന്റെ റോഡല്ലെങ്കിൽപ്പോലും രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിരുന്നു. അത് സാങ്കേതികമായി തെറ്റായ രീതിയായിരുന്നു. അതിനുശേഷം എം.എൽ.എ. എന്ന നിലയിൽ അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് 07.03.2017-ൽ ഒരു യോഗം ഞാനവിടെ വിളിച്ചുകൂട്ടുകയുണ്ടായി. 2016-17-ലെ ബഡ്ജറ്റിൽ ബഡ്ജറ്റിനുപുറത്തുനിന്ന് പണം ശേഖരിച്ച് ചെയ്യുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തുകയും റോഡുകളുടെ മൊത്തത്തിലുള്ള ബഡ്ജറ്റിൽ ഇതിന് പത്തുകോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗം ഈ റോഡ് ഏറ്റെടുക്കുന്നതിനുള്ള പ്രമേയം കോർപ്പറേഷൻ പാസ്സാക്കിത്തരണമെന്നതാണ് അന്ന് നടന്ന യോഗത്തിലെടുത്ത തീരുമാനം. അതുപോലെതന്നെ പത്ത് ഏക്കർ സ്ഥലം അതായത്, 4.163 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. അതിൽ മൂന്ന് ഏക്കർ സ്ഥലം ഇപ്പോൾ സൗജന്യമായി ലഭിച്ചിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുത്ത് നൽകിയെങ്കിൽ

മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയൂ. ആ നടപടികൾ അവിടെ പുരോഗമിക്കുന്നുണ്ടാകും. ഈ റോഡുകൾ ഏറ്റെടുക്കുന്നതുപോലെ മറ്റ് റോഡുകളും വന്നിട്ടുണ്ട്. ഇതെല്ലാം ക്യാബിനറ്റാണ് ഏറ്റെടുത്ത് തരേണ്ടത്. ഇതുവരെ വന്നിട്ടുള്ള റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി വച്ചതിൽ പ്രസ്തുത റോഡും ഉൾപ്പെടുന്നുണ്ട്. ഭൂമി ഏറ്റെടുത്ത് കിട്ടുക, ക്യാബിനറ്റ് അന്തിമമായിത്തന്നെ ഇത് ഗവൺമെന്റ് റോഡാക്കി മാറ്റുക തുടങ്ങിയ നടപടിക്രമങ്ങൾ ഇനിയുമുണ്ട്. അത് പൂർത്തിയാകുന്ന മുറയ്ക്ക് ചെയ്യാവുന്നതാണ്. അവിടെ നടക്കുന്ന കായികമേളയുമായി ബന്ധപ്പെട്ട് ഇപ്പോൾ ചർച്ച ചെയ്താൽ ശരിയാകുമെന്ന് തോന്നുന്നില്ല. അത് പെട്ടെന്ന് നടക്കുന്ന കാര്യമല്ല. എന്തായാലും അത് പകുതിവഴിയിൽ എത്തിയിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ഉത്സാഹപൂർവ്വം എല്ലാപേരുംകൂടി ചെയ്യണം.

## തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സംസ്ഥാനത്തെ തോട്ടം മേഖലയുടെ ഉന്നമനത്തിനുവേണ്ടി 2016-17 ബഡ്ജറ്റിൽ തോട്ടം പാക്കേജ് പ്രഖ്യാപിച്ചിരുന്നതാണ്. നാളിതുവരെ ഇതിന്റെ ഒരു പ്രവർത്തനവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വർഷങ്ങൾ പഴക്കമുള്ള ഭവനം പാക്കേജിനുവേണ്ടി 20 കോടിയോളം രൂപ മാറ്റിവച്ചിട്ടുണ്ട്. നിരവധി

ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയുമുണ്ടായിട്ടില്ല. പീരുമേട് താലൂക്കിൽമാത്രം നാലോളം തോട്ടങ്ങൾ (പീരുമേട് ടീ കമ്പനിയുടെ രണ്ട് തോട്ടങ്ങളും എം.എം.ജെ. കമ്പനിയുടെ രണ്ട് തോട്ടങ്ങളും) പൂട്ടിക്കിടക്കുന്ന സാഹചര്യമുണ്ട്. കൂടുതൽ തോട്ടങ്ങൾ പ്രതിസന്ധിയിലായിക്കൊണ്ടിരിക്കുന്നു. ചെറുകിട തേയില കൃഷിക്കാരുടെ ലീഫ് ഈ ഫാക്ടറികളാണ് ഏറ്റെടുത്തുകൊണ്ടിരുന്നത്. കൊളുന്തിന് വലിയ ക്ഷാമം വന്നപ്പോൾ ഏതാണ്ട് അഞ്ച് ലക്ഷം കിലോ കൊളുന്ത് ഇതിനോടകംതന്നെ അവിടെ നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായി. ഇന്നലെ അവിടെ ഒരു ഫാക്ടറിക്ക് തീപിടിച്ചു. 40,000 കിലോ തേയില അരച്ചുകൊണ്ടിരുന്ന ഫാക്ടറിയാണ്. അപ്പോൾ സ്വാഭാവികമായും വീണ്ടും തേയില എടുക്കാൻ സാധിക്കാത്ത സാഹചര്യത്തിലേയ്ക്ക് വന്നു. പ്ലാന്റേഷൻ ടാക്സ്, അഗ്രിക്കൾച്ചർ ടാക്സ്, ഇൻകം ടാക്സ് തുടങ്ങിയ ടാക്സുകളുടെ പേരിൽ ഈ പ്ലാന്റേഷൻ മാനേജ്മെന്റിനെ ബുദ്ധിമുട്ടിക്കുകയും ആർ.ആർ.-ലേയ്ക്ക് പോകുകയും ചെയ്തതിനാൽ അവർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. തോട്ടം പൂട്ടേണ്ട ഘട്ടത്തിൽ അവർ നിൽക്കുകയാണ്. തോട്ടം മേഖലയിലെ പ്രതിസന്ധി പഠിക്കുന്നതിനുവേണ്ടി ഏതാണ്ട് ഒമ്പതോളം കമ്മിറ്റികൾ

തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഏറ്റവും അവസാനത്തെ റിപ്പോർട്ട് അടക്കമുള്ള വിഷയങ്ങൾ ഗവൺമെന്റ് ചർച്ച ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ ഒരു വർഷമായി തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനോ ആ വിഷയങ്ങളിൽ ഗൗരവതരമായി ഇടപെടാനോ കഴിയുന്നില്ല എന്നുള്ളതാണ് പരാതി. ഈ തോട്ടം തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്റെ വീട്ടിലേയ്ക്കാണ് ബി.ജെ.പി.-ക്കാരുടെ മാർച്ച് വന്നത്. തോട്ടം എങ്ങനെയാണ് ഒരു എം.എൽ.എ.-യ്ക്ക് ചർച്ച ചെയ്ത് തുറപ്പിക്കാൻ കഴിയുന്നതെന്ന് എനിക്കറിയില്ല. ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് ഈ വിഷയങ്ങൾ കൊണ്ടുവരിക എന്നുള്ളതാണ് എനിക്ക് ചെയ്യാൻ കഴിയുന്ന കാര്യം. പ്ലാന്റേഷൻ തോട്ടം മേഖലയിലെ ഭവന നിർമ്മാണം, തൊഴിലാളികളുടെ ക്ഷേമം, തോട്ടം മേഖലയുടെ പ്രതിസന്ധി, പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ പ്ലാന്റേഷൻ

മേഖല അതീവ ഗൗരവമായ സ്ഥിതിവിശേഷമാണ് നേരിടുന്നത്. എല്ലാവരുടേയും ഗൗരവമായ ശ്രദ്ധ പതിയേണ്ട വിഷയം തന്നെയാണിത്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റ് പരമാവധി ശ്രദ്ധിച്ചുവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിൽ നേരിടുന്ന നാനാതരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങളെല്ലാം സ്വീകരിച്ചുകൊണ്ട് നടപടികൾ തുടരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 2016-17 വർഷത്തെ ബഡ്ജറ്റിൽ തോട്ടം മേഖലയുടെ ഉന്നമനത്തിനായുള്ള പാക്കേജ് എന്ന നിലയിൽ 200 കോടി രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ പ്ലാന്റേഷൻ മേഖലയിൽ ഒരു പാക്കേജ് വേണമെന്ന് ഡിമാന്റ് പ്രസംഗങ്ങളിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ പാക്കേജിന് രൂപംനൽകുന്നതാണെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. 2016-17 വർഷത്തിൽ പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി എന്ന ശീർഷകത്തിൽ 1.10 കോടി രൂപയും തോട്ടം തൊഴിലാളികളുടെ ഭവനപദ്ധതിക്കായി 2230-01-103-15 എന്ന ശീർഷകത്തിൽ 250 ലക്ഷം രൂപയും അനുവദിച്ചിരുന്നു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ പാർപ്പിട പദ്ധതി പ്രകാരം ഭവനം ഫൗണ്ടേഷൻ മുഖേന

*Own your own Housing Scheme* എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് സെന്റ് ഭൂമി സ്വന്തമായുള്ളവർക്കും സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്കും വീടുവച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നടത്തിയ സർവ്വേ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഇടുക്കി ജില്ലയിലെ പീരുമേട് ടീ കമ്പനി വക ലോൺട്രി, ചീന്തലാർ എസ്റ്റേറ്റുകൾ 13 വർഷത്തിനുശേഷം 30-09-2013-ൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം തുറന്ന് പ്രവർത്തിപ്പിച്ചുവെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം 01-04-2016 മുതൽ പൂട്ടിക്കിടക്കുകയാണ്. പ്രസ്തുത സ്ഥാപനം വീണ്ടും തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി 05-05-2016, 20-01-2017 എന്നീ തീയതികളിൽ ലേബർ കമ്മീഷണർ തലത്തിൽ അനുരഞ്ജന ചർച്ചകൾ ക്രമീകരിച്ചിരുന്നെങ്കിലും പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടില്ല. എം.എം.ജെ. പ്ലാന്റേഷൻസിന്റെ കോട്ടമല, ബോണാമി എന്നീ എസ്റ്റേറ്റുകൾ യഥാക്രമം 23-12-2013, 11-10-2014 തീയതികളിൽ ഉടമ ഉപേക്ഷിച്ചുപോയതിനാൽ നിലവിൽ തോട്ടം പ്രവർത്തനക്ഷമമല്ല. ഈ എസ്റ്റേറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 19-06-2014, 16-07-2014,

19-11-2014, 30-11-2014, 08-12-2014, 18-12-2014 എന്നീ തീയതികളിൽ അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടന്നുവെങ്കിലും പ്രശ്നപരിഹാരമായിട്ടില്ല. തുടർന്ന് 20-01-2017-ന് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ചുനടന്ന യോഗത്തിൽ മാനേജ്മെന്റ് പ്രതിനിധികൾ പങ്കെടുക്കാതിരുന്നതിനാൽ ഈ വിഷയത്തിലുള്ള ചർച്ച നടത്താൻ കഴിഞ്ഞില്ല. ഇവിടെ ഉന്നയിക്കപ്പെട്ട തോട്ടം മേഖലയിലെ എല്ലാ പ്രശ്നങ്ങളിലും ഇടപെട്ട് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് തുടർന്നുവരികയാണ്.

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്വത്തുക്കൾ**

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരി മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റൈൽസ് ലിക്വിഡേറ്റ് ചെയ്ത അവസ്ഥയിലാണ്. ദശാബ്ദങ്ങൾക്കുമുമ്പ് തൊഴിൽരഹിതരായ യുവാക്കളുടെ സംരംഭമാണ് ഈ കമ്പനി. കോടികൾ വിലയുള്ള 12 ഏക്കർ ഭൂമിയും കെട്ടിട സമുച്ചയവും യന്ത്രസാമഗ്രികളും ഇപ്പോൾ സർക്കാർ ഉടമസ്ഥതയിലാണ്. എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, നാഷണൽ ഹൈവേ തുടങ്ങിയ ഗതാഗത സൗകര്യങ്ങളുള്ള 12 ഏക്കർ സ്ഥലം സർക്കാരിന് വലിയ മുതൽക്കൂട്ടാണ്. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയും മറ്റ്

സ്വത്തുക്കളും കോടതി നടപടിയിലൂടെ അന്യാധീനപ്പെട്ടുപോകാനുള്ള അവസരമാണ് ഇപ്പോൾ കാണുന്നത്. സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ആധുനിക വ്യവസായ സാധ്യതകൾക്കായി പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1975-ൽ സ്ഥാപിച്ച് 1978-ൽ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങിയ സ്ഥാപനമാണ് കുന്നത്തറ ടെക്സ്റ്റൈൽസ്. 600-ലേറെ തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ കമ്പനി 1982-ഓടുകൂടി നഷ്ടത്തിലായതിനെ തുടർന്ന് 2001-ൽ ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം പൂട്ടുകയും ആസ്തികൾ ഏറ്റെടുക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തിയും ഭൂമിയും ഉപയോഗപ്പെടുത്തി ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ മില്ലിന്റെ കെട്ടിടങ്ങളും മറ്റ് ഉപഭാഗങ്ങളും ജീർണ്ണാവസ്ഥയിലായതിനാലും സ്ഥലപരിമിതിമൂലവും വ്യവസായ പാർക്ക് തുടങ്ങാൻ കുറഞ്ഞത് 50 ഏക്കർ

സ്ഥലമെങ്കിലും ആവശ്യമുള്ളതിനാലും കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കാൻ സാധിക്കില്ലെന്ന് കിൻഫ്ര അഭിപ്രായപ്പെട്ടിരിക്കുകയാണ്. കമ്പനിയുടെ പുനരുദ്ധാരണം സംബന്ധിച്ച് തീരുമാനമെടുക്കാനായി അതിന്റെ ആസ്തികളും ബാധ്യതകളും തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലത്തിന്റെ മൂല്യനിർണ്ണയം 2001-ലാണ് നടന്നിട്ടുള്ളത്. 16 വർഷത്തിനുശേഷം സ്ഥലത്തിന്റെ വിലയിൽ വളരെയധികം വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനാൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഇപ്പോഴത്തെ യഥാർത്ഥ ആസ്തി അറിയുന്നതിന് സ്ഥലത്തിന്റെ പുനർമൂല്യനിർണ്ണയം നടത്തേണ്ടതായിട്ടുണ്ട്. ഇതിനായി 19-04-2017-ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണം സംബന്ധിച്ച് മന്ത്രിസഭാ തലത്തിൽ തീരുമാനമെടുക്കുന്നതിന് ആറ് മാസത്തെ സമയമാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ 27-04-2017-ന് ഇടക്കാല സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിനുകൂടി വിധേയമായി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

## ചെല്ലാനം ഫിഷിംഗ് ഹാർബർ

ശ്രീ. കെ. ജെ. മാക്സി: സർ, ചെല്ലാനം എന്ന മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മുടങ്ങിക്കിടക്കുന്ന ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യാൻവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2007-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് G.O.(Rt) 579/2007/ F&PD ഉത്തരവ് മുഖേനയാണ് എറണാകുളം ജില്ലയിലെ ചെല്ലാനത്ത് ആദ്യമായി ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് ഉത്തരവായത്. ചെറിയ ഒരു ലേലഹാളും; രണ്ടുവശവും സീവേഡ് ആന്റ് ലീവേഡ്; 120 മീറ്റർ നീളത്തിലുള്ള പുലിമുട്ടും നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചത്. അതനുസരിച്ച് പ്രസ്തുത നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഗുണംചെയ്യുന്ന ഈ പ്രദേശത്ത് ഒരു ഫിഷിംഗ് ഹാർബറിന്റെ ആവശ്യകത അന്നത്തെ ഇടതുപക്ഷ സർക്കാർ മനസ്സിലാക്കിയിരുന്നു. 600-ൽപ്പരം നാടൻ തോണികളും 120 യന്ത്രവൽകൃത ബോട്ടുകളും ഈ മേഖലയിലുണ്ടെന്നാണ് കണക്കുകൾ വിലയിരുത്തുന്നത്. തുടർന്ന് 2009-ലെ G.O.(Rt) 317/2009/F&PD ഉത്തരവ് പ്രകാരം നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അന്നത്തെ ഇടതുപക്ഷ സർക്കാർ ഉത്തരവ് നൽകി. 30

കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയത്. നിലവിലുള്ള പുലിമുട്ടുകൾ ഒരെണ്ണം 500 മീറ്റർ, മറ്റൊരെണ്ണം 30 മീറ്ററും ദീർഘിപ്പിക്കുകയും വാർഫും ലേലം ചെയ്യുന്ന ഹാളും വല നന്നാക്കുന്നതിനുള്ള ഹാളും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യമടക്കം ഇതിൽ വിഭാവനം ചെയ്തിരുന്നു. 2009-ൽ തന്നെ സ്ഥലമെടുപ്പ് ആരംഭിച്ചെങ്കിലും നാളിതുവരെ സ്ഥലമുടമകൾക്ക് പൂർണ്ണമായി തുക ലഭിച്ചിട്ടില്ല. മൂന്നുവർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായ ഹാർബർ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ വലയിൽ കുടുങ്ങിയ മത്സ്യത്തെ സുരക്ഷിതമായി ലാന്റ് ചെയ്യിക്കുന്നതിനും വിൽക്കുന്നതിനും കഴിയുന്ന ഈ ഹാർബർ കമ്മീഷൻ ചെയ്താൽ ചെല്ലാനം പ്രദേശത്തെ തൊഴിലില്ലായ്മയ്ക്ക് വലിയ ഒരു പരിഹാരം കൂടിയാകും. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നബാർഡ് അനുവദിച്ച 30 കോടി രൂപ ലാപ്സാക്കിക്കളയുകയും അങ്ങനെ ആ പരിപാടി പൂർത്തിയാക്കാനും അവർക്ക് കഴിഞ്ഞില്ല. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഈ ഹാർബറിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സ്ഥലമെടുത്തവർക്ക് സർക്കാർ നിശ്ചയിച്ച തുക കൊടുത്തുതീർക്കുന്നതിനും അതിനാവശ്യമായ തുക സർക്കാർ ഫണ്ടിൽനിന്ന് അനുവദിച്ച് ചെല്ലാനം ഫിഷിംഗ്

ഹാർബർ കമ്മിഷൻ ചെയ്യുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## ചെല്ലാനം ഫിഷിംഗ് ഹാർബർ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2007-ലാണ് ചെല്ലാനം ഫിഷിംഗ് ഹാർബർ പണി തുടങ്ങിയത്, അന്ന് ഹാർബറായിട്ടല്ല; ഒരു ലാന്റിംഗ് സെന്ററായിട്ടാണ് തുടങ്ങിയത്. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 500 ലക്ഷം രൂപയുടെ ഒരു പദ്ധതിക്കാണ് അന്ന് തുടക്കം കുറിച്ചത്. 120 മീറ്റർ നീളത്തിലുള്ള രണ്ട് പുലിമുട്ടുകൾ 2009-ൽ പൂർത്തീകരിച്ചു. എന്നാൽ അതുകൊണ്ടുമാത്രം വർദ്ധിച്ച തൊഴിലാളികളുടെ സൗകര്യങ്ങൾക്ക് പര്യാപ്തമല്ല എന്നുകണ്ടുകൊണ്ടാണ് 2010-ൽ നബാർഡിന്റെ RIDF-XV ൽ ഉൾപ്പെടുത്തിക്കൊണ്ട് 29.90 കോടി രൂപയുടെ പ്രോജക്ട് രണ്ടാമതും വീണ്ടും അനുവദിപ്പിച്ചു. അതിന്റെ ഭാഗമായി വടക്കേ പുലിമുട്ട് 500 മീറ്റർ നീളവും തെക്കേ പുലിമുട്ട് 30 മീറ്റർ നീളത്തിലും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എന്നാൽ അതിനോടനുബന്ധമായിട്ടുള്ള 100 മീറ്റർ വാർഫ്, ലേലഹാൾ, ലോക്കർ റൂം, നെറ്റ്മെയ്ക്കിംഗ് ഷെഡ്, ടോയ്‍ലറ്റ് ബ്ലോക്ക്, ക്യാന്റീൻ, ഡോർമെട്രി,

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഡ്രഡ്ജിംഗ് തുടങ്ങിയ കാര്യങ്ങൾക്ക് 130.23 ആർ ഭൂമി ആവശ്യമുണ്ട്. എന്നാൽ 2010-ൽ നബാർഡിന്റെ അനുവാദത്തോടെ തുടങ്ങിയ വർക്ക്..., പുലിമുട്ടിന്റെ നീളമെല്ലാം പൂർത്തീകരിച്ചു. 130.23 ആർ സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ വരുന്ന കാലതാമസമാണ് ഇതുവരെയും ആ പദ്ധതി പൂർത്തീകരിക്കാനാവാത്തത്. സ്ഥലമേറ്റെടുപ്പിനുള്ള നടപടിക്രമം 2009-ൽ തുടങ്ങിയതാണ്. 2012-ൽ ഗവൺമെന്റ് ഭരണാനുമതി കൊടുത്തു. 9 ഭൂവുടമകൾ അനുമതി നൽകാത്തതുകൊണ്ടാണ് ഇതുവരെയായി ഭൂമി ഏറ്റെടുക്കാൻ കഴിയാത്തത്, പൈസ കൊടുക്കാത്തതുകൊണ്ടല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം വീണ്ടും ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും റോഡിന്റെ അലൈന്റ്മെന്റിൽ മാറ്റം വരുത്തുകയും ചെയ്തു. ഇനി ഒരാളുടെ ഭൂമി മാത്രം ഏറ്റെടുത്താൽ മതിയെന്ന തരത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി 11.01.2017-ൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് സ്ഥലം എം.എൽ.എ., പഞ്ചായത്ത് വൈസ് പ്രസിഡന്റ്, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ തെക്കുഭാഗത്തുകൂടിയുള്ള പുതിയ പ്രവേശന പാതയ്ക്കുവേണ്ടി മറ്റൊരു പ്രൊപ്പോസൽ പരിഗണിക്കുകയും ആയതിൻപ്രകാരം പ്രവേശന പാതയ്ക്കുവേണ്ടി പുതുതായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ

ഉൾപ്പെടുത്തി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ, ജി.സി.ഡി.എ., എറണാകുളത്തെ ഇപ്പോൾ ജില്ലാ കളക്ടർ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ അത്യാവശ്യമുള്ള കൺസേൺഡ് ആളുകളെ കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇനിയിപ്പോൾ അതിനുള്ള വില നിശ്ചയിക്കാനാണ് കളക്ടറെ ചുമതലപ്പെടുത്തിയത്. RIDF-XV-ൽ 2010-ൽ അപ്രൂവ് ചെയ്ത പ്രോജക്ട് 31.12.2016 ആയപ്പോഴേയ്ക്കും അതിന്റെ കാലാവധി കഴിഞ്ഞു. നബാർഡ് എക്സ്റ്റെൻഷൻ തന്നിട്ടുമില്ല. ഇപ്പോഴുള്ള പ്രശ്നം, ലാന്റ് അക്വിസിഷൻ നടപടി പൂർത്തീകരിച്ചുകഴിഞ്ഞാൽ ഈ പ്രവൃത്തി പൂർത്തീകരിക്കണമെങ്കിൽ പുതുതായി പദ്ധതി അംഗീകരിക്കേണ്ടതുണ്ട്. ഒന്നുകിൽ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിലോ അല്ലെങ്കിൽ ഈ വർഷത്തെ നബാർഡിന്റെ സ്കീമിലോ ഉൾപ്പെടുത്താനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എന്തായാലും എം.എൽ.എ. പറഞ്ഞതുപോലെ ഇത് അടിയന്തരമായി; മുൻഗണനാക്രമത്തിൽ തന്നെ ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അവിടെ അടിയന്തരമായി ഡ്രഡ്ജിംഗ് നടത്തിയാൽ തന്നെ റഫ് സീസൺ വരുമ്പോഴേയ്ക്കും തൊഴിലാളികൾക്ക് വെള്ളമെടുക്കാൻ പറ്റും. ഡ്രഡ്ജിംഗ് ഒരാഴ്ച കൊണ്ട് തന്നെ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആ വർക്ക് തുടങ്ങും. മറ്റുള്ള വർക്കിന്റെ കാര്യത്തിൽ

വാർഫ്, മറ്റെല്ലാ അനുബന്ധ സൗകര്യങ്ങളുടെയും കാര്യത്തിൽ പുതുതായി ഒരു പദ്ധതി അനുവദിച്ചുചെയ്യേണ്ട കാര്യമാണ് ഇപ്പോൾ നിലവിലുള്ളത്. അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കും.

## പാഠപുസ്തക വിതരണം

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്ത് ഓണപ്പരീക്ഷയ്ക്ക് മുമ്പുതന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും മുൻകാലങ്ങളിലുണ്ടായ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം പാഠപുസ്തക വിതരണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. പേപ്പർ പർച്ചേസ് നടപടികളിലുണ്ടാകുന്ന കാലതാമസം; യഥാസമയം ഇൻഡന്റിംഗ് നൽകാതെ വരുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ പാഠപുസ്തക അച്ചടിയിലും വിതരണത്തിലും നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ പൂർത്തീകരിക്കാൻ കഴിയാത്തത് എന്നുള്ളത് കണക്കിലെടുത്ത്, മുൻകാല അനുഭവങ്ങളെ മുൻനിർത്തി സ്കൂൾ തുറക്കുമ്പോൾ തന്നെ പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വസ്തുതയാണ്. അങ്ങ് തന്നെ നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ മറുപടിയിൽ

2016 മേയ് 31-ന് മുമ്പ് പാഠപുസ്തക വിതരണത്തിന്റെ കാര്യത്തിൽ പ്ലസ്ടു പാഠപുസ്തകങ്ങൾ 80 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങൾ 60 ശതമാനവും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളുവെന്നാണ്. എന്നുപറഞ്ഞാൽ ബാക്കിയുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലാണ് എല്ലാവർഷവും കാലതാമസമുണ്ടാകുന്നത്. ഇവിടെ പ്ലസ്ടു പാഠപുസ്തകത്തിന് ശേഷിക്കുന്ന 20 ശതമാനവും പ്ലസ് വൺ പാഠപുസ്തകത്തിന്റെ ശേഷിക്കുന്ന 40 ശതമാനവും വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. മാത്രമല്ല 2016-17 അദ്ധ്യയന വർഷത്തിൽ 2,88,92,200 പാഠപുസ്തകങ്ങൾ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിലേയ്ക്ക് അച്ചടിക്കാൻ ഓർഡർ നൽകി. എന്നാൽ സ്കൂൾ തുറക്കുന്നതിനുമുമ്പ് ഒന്നുമുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ 1,92,21,029 മാത്രമാണ് വിതരണം ചെയ്യാൻവേണ്ടി കഴിഞ്ഞത്. അതായത് അച്ചടിക്കാൻ ഓർഡർ നൽകിയ പാഠപുസ്തകത്തിന്റെയും വിതരണം ചെയ്ത പുസ്തകത്തിന്റെയും എണ്ണത്തിൽ 96 ലക്ഷത്തിന്റെ വ്യത്യാസമുണ്ട്. കൂടാതെ കഴിഞ്ഞ വർഷം 26.07.2016, 27.06.2016 തുടങ്ങിയ തീയതികളിൽ അങ്ങ് തന്നെ വിളിച്ചുകൂട്ടിയ ഡി.ഡി.ഇ.-മാരുടെ യോഗത്തിൽ പാഠപുസ്തകങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ ആവശ്യമില്ലാത്ത പല കേന്ദ്രങ്ങളിലും പാഠപുസ്തകങ്ങൾ

കെട്ടിക്കിടക്കുന്നതായും ചില സ്ഥലങ്ങളിൽ പുസ്തകങ്ങൾ ഇല്ലാത്തതായിട്ടുമുള്ള റിപ്പോർട്ടുകൾ കാണാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ വിതരണത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാനുള്ള കർശനമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## പാഠപുസ്തക വിതരണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 2017-18 അദ്ധ്യയനവർഷം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ പേജുകളടിസ്ഥാനത്തിൽ ഒന്നു മുതൽ മൂന്ന് വോള്യങ്ങളായി അച്ചടിച്ച് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത തീരുമാനം പ്രകാരം പാഠപുസ്തക അച്ചടി ആരംഭിക്കുന്നതിനുവേണ്ടി tentative print order 06-09-2016-ന് കെ.ബി.പി.എസ്.-ന് നൽകുകയും അവർ അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സ്കൂളുകളിൽനിന്ന് ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ശേഖരിച്ചതിൻ പ്രകാരം താഴെപ്പറയുന്ന പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്. ഒന്നാം വോള്യം -2,86,69,591 എണ്ണം, രണ്ടാം വോള്യം- 2,47,20,262 എണ്ണം, മൂന്നാം വോള്യം -7,51,475 എണ്ണം പാഠപുസ്തകങ്ങളും അച്ചടിക്കേണ്ടതായിട്ടുണ്ട്.

ഇതനുസരിച്ച് കെ.ബി.പി.എസ്.ന് 27-12-2016-ന് അന്തിമ അച്ചടി ഉത്തരവ് നൽകിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തിലെ 9, 10 ക്ലാസ്സുകളിലേയ്ക്കുള്ള ഒന്നാം വോള്യം പാഠപുസ്തകങ്ങൾ 2017 ഏപ്രിൽ 20-ന് മുമ്പും ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ 2017 മേയ് 20-ന് മുമ്പും അച്ചടിച്ച് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശമാണ് കെ.ബി.പി.എസ്.-ന് നൽകിയിട്ടുള്ളത്. നിലവിൽ ഒന്നാം വോള്യം പാഠപുസ്തകങ്ങളാണ് അച്ചടിച്ച് വിതരണം നടത്തിവരുന്നത്. പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് വേണ്ടിയുള്ള പേപ്പർ വാങ്ങുന്നതിന് ആവശ്യമായ തുക പൊതുവിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസ്.-ന് മുൻകൂറായി അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കുറ്റമറ്റ രീതിയിൽ പാഠപുസ്തക വിതരണം നടത്തുന്നതിലേയ്ക്കായി വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ മേൽനോട്ടത്തിൽ അതത് വിദ്യാഭ്യാസ ഓഫീസർമാർക്കും പാഠപുസ്തക വിതരണത്തിന്റെ പരിശോധനയ്ക്കുള്ള നിർദ്ദേശം നൽകുകയും അവലോകനം നടത്തി പരാതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ചുമതലയും ഇ-മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. 11, 12 ക്ലാസ്സുകളിലെ

പാഠപുസ്തകങ്ങളുടെ അച്ചടിയുടെ വിതരണം സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 12-ാം ക്ലാസിലെ പാഠപുസ്തകങ്ങളുടെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

## ധനസഹായം

ശ്രീ. കെ. വി. വിജയദാസ് : സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഇരുമ്പകച്ചോലയിൽ വട്ടവിനാൽ വീട്ടിൽ താമസിക്കുന്ന 58 വയസ്സുള്ള ടോമി ജോസഫ് 26-04-2017-ന് തന്റെ അച്ഛന്റെ പറമ്പിൽവച്ച് ആനയുടെ ചവിട്ടും കുത്തുമേറ്റ് മരണപ്പെട്ടു. മരണപ്പെട്ട ആൾക്ക് നാല് സഹോദരന്മാരും രണ്ട് സഹോദരിമാരും ഉണ്ട്. അച്ഛനും അമ്മയും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ചെറുകിട റബ്ബർ കർഷകനായ ടോമി ജോസഫിന് പരമാവധി ധനസഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ പാമ്പൻതോട്, കാഞ്ഞിരപ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെ വരവിനെ തടയുന്ന കമ്പിവേലി കെട്ടുന്നത് ഇപ്പോൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. ഈ കമ്പിവേലി കെട്ടുന്നത് പുനരാരംഭിക്കാൻ

ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും വിനയപൂർവ്വം ഈ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, മണ്ണാർകാട് താലൂക്കിൽ മണ്ണാർകാട് ഫോറസ്റ്റ് ഡിവിഷനിൽ മണ്ണാർകാട് റെയ്ഞ്ചിൽപ്പെട്ട പാലക്കയം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ ഇരുമ്പകച്ചോല ചെള്ളിത്തോട് ഭാഗത്ത് 26-04-2017-ന് വട്ടവിനാൽ വീട്ടിൽ ടോമി ജോസഫ് കാട്ടാനയുടെ കുത്തേറ്റ് മരണപ്പെട്ടു. സംഭവം അറിഞ്ഞയുടൻ തന്നെ മണ്ണാർകാട് ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ വനം വകുപ്പ് ജീവനക്കാർ സ്ഥലത്തെത്തി മൃതദേഹം പരിശോധിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. പരേതന്റെ പിതാവിന്റെ പേരിലുള്ള കുടുംബസ്വത്തായ അഞ്ചേക്കറോളം വരുന്ന കൃഷിയിടത്താണ് മൃതദേഹം കാണപ്പെട്ടത്. പ്രസ്തുത സ്ഥലത്തുനിന്ന് തൊട്ടടുത്ത വനഭൂമിയായ ആനക്കരണം മലവാരത്തിലേയ്ക്ക് 500 മീറ്ററോളം ദൂരമുണ്ട്. വനഭൂമിക്കും മൃതദേഹം കാണപ്പെട്ട സ്ഥലത്തിനും ഇടയിലുള്ള സ്ഥലങ്ങൾ മുഴുവൻ വിവിധ ആളുകളുടെ കൈവശ ഭൂമിയാണെങ്കിലും ആൾപാർപ്പില്ലാത്ത റബ്ബർ തോട്ടങ്ങളാണ്. പരേതന്റെ തറവാട് വീട്ടിൽനിന്ന് 200 മീറ്റർ അകലെ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഭാഗത്താണ് മൃതദേഹം കാണപ്പെട്ടത്. പുലർച്ചെ ആറേകാൽ

മണിക്ക് തൊട്ടടുത്ത റബ്ബർ തോട്ടത്തിൽ ടാപ്പിംഗിനായി പോയ ജോസാണ് മൃതദേഹം കണ്ടത്. മൃതദേഹത്തിൽ നെഞ്ചിന് താഴെ ഇടതുഭാഗത്തായി ആനയുടെ കൊമ്പ് കുത്തിയിറങ്ങിയതായുള്ള മുറിവുണ്ട്. പ്രസ്തുത മുറിവിലൂടെ ആന്തരാവയവങ്ങൾ പുറത്തേയ്ക്ക് വന്ന നിലയിലും രക്തം ഒഴുകി ഉണങ്ങിയ നിലയിലും കാണപ്പെട്ടു. കൂടാതെ ശരീരത്തിലും കൈ കാലുകളിലും അങ്ങിങ്ങായി ഉരഞ്ഞ പാടുകളും മുറിവുകളും കാണപ്പെട്ടു. മണ്ണാർക്കാട് പോലീസ് സബ് ഇൻസ്പെക്ടറും സംഘവും സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. പോസ്റ്റുമോർട്ടത്തിനും പ്രാഥമിക ചെലവുകൾക്കുമായി ടിയാന്റെ ബന്ധുക്കൾക്ക് 10,000 രൂപ ആശ്വാസ ധനസഹായമായി നൽകിയിട്ടുണ്ട്. വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് നിയമാനുസൃതം അഞ്ച് ലക്ഷം രൂപയാണ് ഇപ്പോൾ നഷ്ടപരിഹാരമായി നൽകിവരുന്നത്. 26-04-2017-ന് മരണപ്പെട്ട ടോമി ജോസഫ് വട്ടവിനാൽ എന്ന ആളിന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് അടിയന്തരമായി വാങ്ങുവാനും അത് ലഭിച്ചാൽ ഉടൻ തന്നെ ബാക്കി തുക ടിയാന്റെ അനന്തരാവകാശികൾക്ക് നൽകുവാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ കൃഷിക്കും ജനജീവിതത്തിനും വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നതിനായി മണ്ണാർക്കാട്

ആർ.ആർ.ടി.യും ബന്ധപ്പെട്ട സ്റ്റേഷൻ സ്റ്റാഫും നിരന്തരം പട്രോളിംഗ് നടത്തിവരുന്നുണ്ട്. പ്രസ്തുത ഭാഗത്തുള്ള വനാതിർത്തിയിൽ വൈദ്യുതി വേലി നിർമ്മിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതി ആയിട്ടുള്ള കിഫ്ബിയിൽ ഉൾപ്പെടുത്തി ശിപാർശ സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻ വൈദ്യുതി വേലി നിർമ്മാണം ആരംഭിക്കുന്നതാണ്. വന്യമൃഗങ്ങൾ കാടിന് പുറത്തേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി early warning, SMS alert system തുടങ്ങിയവ ഈ സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.